കേരളാ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെയും അംഗീകൃത യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ നികുതി നിരക്ക് നാലു ശതമാനമായി കുറവു ചെയ്യുമെന്നും ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഭൂമിയുടെ അവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടികൾ

112 (3130)ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ലാന്റ് ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) റവന്യൂ വകുപ്പ് നടപ്പാക്കുന്ന നിയമ പ്രകാരം ഉള്ള അവകാശത്തർക്കങ്ങളെക്കുറിച്ചുള്ള കേസുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള പരിപാടികൾ ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ശ്രീ പണ്ടാര വക, ശ്രീ പാദം, സർവ്വീസ് ഇനാം, കണ്ടു കൃഷി, കാണം എന്നീ ഇനങ്ങളിൽപ്പെട്ട ഭൂമി സംബന്ധിച്ച കേസ്സുകളും, ലാന്റ് ട്രൈബൂണൽ കേസ്സുകളും ടാർജറ്റ് നിശ്ചയിച്ച് നൽകി തീർപ്പാക്കാൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ താലൂക്ക് ലാന്റ് ബോർഡുകളിൽ തീർപ്പാക്കാതെ ബാക്കി നിൽക്കുന്ന കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം ലാന്റ് ബോർഡ് ബന്ധപ്പെട്ട ചെയർമാന്മാർക്ക് നേരിട്ട് നൽകിയിട്ടുണ്ട്. ഇതിലേയ്ക്കുള്ള ജില്ലാതല അവലോകന യോഗങ്ങളും ഇപ്പോൾ നടന്നു വരുന്നു. ഹൈക്കോടതിയിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിലേക്ക് രണ്ട് ഗവണ്മന്റ് പ്ലീഡർമാരുടെ സേവനം ഭൂപരിഷ്കരണ കേസ്സുകൾക്കായി മാത്രം വിട്ടുകൊടുക്കുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്,

സി) ലാന്റ് ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓരോ താലൂക്ക് ലാന്റ് ബോർഡും ഓരോ പ്രത്യേകം ചെയർമാന്റെ (ഡെപ്യൂട്ടി കളക്ടർ/ആർ.ഡി.ഒ) നിയന്ത്രണത്തിലാക്കി. ആകയാൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം കുറയ്ക്കാനും കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനുമുള്ള സാഹചര്യം സംജാതമാക്കിയിട്ടുണ്ട്. കൂടാതെ ലാന്റ് ബോർഡ് നേരിട്ട് തന്നെ എല്ലാ താലൂക്ക് ലാന്റ് ബോർഡുകളുടെയും പ്രവർത്തനം ഇടക്കിടയ്ക്ക് അവലോകനം ചെയ്തു വരുന്നു. താലൂക്ക് ലാന്റ് ബോർഡ് ചെയർമാന്മാരുടെ യോഗം 13.3.2000-ൽ വിളിച്ചു ചേർത്ത് പ്രവർത്തന പുരോഗതി മന്ത്രിതലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ 145 വില്ലേജാഫീസുകളിൽ 1315 വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. ബാക്കിയുള്ള 139-ൽ സ്വന്തമായി സ്ഥലം ഉള്ള 75 വില്ലേജാഫീസുകളിൽ പകുതിയിലേറെ എണ്ണത്തിന് കെട്ടിടം നിർമ്മിക്കുന്ന പണി പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള വില്ലേജുകൾക്ക് സ്വന്തമായി സ്ഥലത്തിന്റേയും ഫണ്ടിന്റേയും ലഭ്യതയനുസരിച്ച് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം

113 (3131)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം ഏത് രീതിയിലാണ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രമോഷൻ വഴിയും നേരിട്ടുള്ള നിയമനവും ഏത് അനുപാതത്തിലാണ് നടത്തുന്നത്;

(സി) ആകെ എത്ര ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തികകൾ സംസ്ഥാന റവന്യൂ സർവ്വീസിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ പ്രമോഷൻ വഴി നിയമനം നടത്തേണ്ടതും നേരിട്ട് നിയമനം നടത്തേണ്ടതും എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഡി) നേരിട്ട് നിയമനം നടത്തേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര തസ്തികകളിൽ പ്രൊമോഷൻ വഴി നിയമനം കിട്ടിയവർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഏറ്റവും അവസാനമായി നേരിട്ടുള്ള നിയമനം നടത്തിയത് ഏത് വർഷമാണ്; റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(എഫ്)പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടായിരുന്നു; ഇപ്രകാരം നിയമിക്കപ്പെട്ട മുഴുവൻപേർക്കും ഐ.എ.എസ്. കൺഫർ ചെയ്തു നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) നിലവിൽ നേരിട്ടുള്ള നിയമനം വഴി എത്ര ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം നടത്തുവാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(എച്ച്) നിലവിൽ ഒഴിവുള്ള നേരിട്ട് നിയമനം നടത്തേണ്ട ഡെപ്യൂട്ടി കളക്ടർ തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) റൂൾസിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം തഹസീൽദാർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴിയും, നേരിട്ടും ആണ് നടത്തുന്നത്.

(ബി) ഡെപ്യൂട്ടി കളക്ടർ കേഡറിലെ സ്ഥിരം തസ്തികയുടെ (പെർമനന്റ് തസ്തികകൾ) അഞ്ചിലൊന്ന് ഒഴിവുകൾ നേരിട്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും, ശേഷിക്കുന്ന ഒഴിവുകൾ പ്രൊമോഷൻ വഴിയും ആണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly